**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – കാട്ടാക്കട താലൂക്ക് – കാട്ടാൽ പുസ്തകമേളയിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിന് കാട്ടാക്കട താലൂക്കിലെ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 1517/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 10/05/2017

---

പരാമർശം:- 1. അഡ്വ. ഐ.ബി.സതീഷ് എം.എൽ.എ യുടെ 19/04/2017 ലെ PR-1/528/I.B നമ്പർ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്ക് കേന്ദ്രമായി കഴിഞ്ഞ നാല്യ വർഷമായി നടന്നു വരുന്ന കാട്ടാൽ പുസ്തകമേളയിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിന് കാട്ടാക്കട താലൂക്കിലെ ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം അഡ്വ.ഐ.ബി.സതീഷ് എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാട്ടാൽ പുസ്തകമേളയിൽ നിന്നും പുസ്തകങ്ങൾ വാങ്ങുന്നതിന് കാട്ടാക്കട താലൂക്കിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 20,000/- (ഇരുപതിനായിരം) രൂപ അനുവദിക്കുന്നതിന് അവരവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ഡോ.വി.കെ.ബേബി ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തരം)
ജനറൽ കൺവീനർ, കാട്ടാൽ പുസ്തകമേള, കാട്ടാക്കട
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ